# വൈഖരി

ഗവ .വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

വേങ്ങര

**ഡിജിറ്റൽ മാഗസിൻ 2023 – 2024**

# എഡിറ്റോറിയൽ

അറിവിന്റെ ആകാശം കീഴടക്കാനുള്ള വിദ്യാലയപ്രയത്നത്തിൽ പഠനത്തിന്റെയും പരീക്ഷയുടെയും ചൂടിന് ഒരു ആശ്വാസം പകർന്നുകൊണ്ട് ഒരു കുളിർ മഴയെ സ്വീകരിക്കാനുള്ള ആവേശമാണ് ഈ പ്രയത്നം. ക്ലാസ്സ് മുറിയിൽ നിന്ന് ആർജ്ജിച്ച അനുഭവങ്ങളും അറിവുകളും വിദ്യാലയത്തിന് പുറത്തെ യഥാർത്ഥ ലോകവും ഇവിടെ സ്വയം വിലയിരുത്തുന്നു. നിമിഷം തോറും വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക നേട്ടങ്ങളോടൊപ്പം കളിച്ചും ചിരിച്ചും അറിഞ്ഞും വളരുന്ന കുട്ടികൾക്ക് അവരുടെ അറിവിന്റെ കേന്ദ്രവും ഉല്ലാസത്തിന്റെ ഉറവിടങ്ങളും നൽകുന്ന ഡിജിറ്റൽ ലോകം അവരുടെ ആവിഷ്കാരത്തിന്റെയും നിർമ്മിതിയുടേതുമാകുന്നു. സർഗ്ഗാത്മകതയുടേയും പ്രതികരണത്തിന്റേതുമായ ഒരുഇടം കൂട്ടുകാർക്കു മുന്നിൽ തുറന്നു കാട്ടുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

സ്റ്റാഫ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

## സ്റ്റുഡന്റ് എഡിറ്റർ

ഫാത്തിമ ഹാനിയ എ കെ

## സബ് എഡിറ്റർ

കനിഷ്ക് പി എം

## മറ്റു അംഗങ്ങൾ

1. ഹിബ ഫാത്തിമ ചാലിൽ
2. ഫാത്തിമ റിഫ
3. ജുഹാന പി
4. ആലിയ കെ
5. ജിൻസില
6. നിദ ഫാത്തിമ കെ കെ
7. റിസ്‌വാന കെ
8. ശ്രീപഥ് എം വി

# ആശംസ

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വേങ്ങര ,ലിറ്റിൽ കൈറ്റ്സ് വിഭാഗം കുട്ടികൾ പ്രസിദ്ധീകരിക്കുന്ന **വൈഖരി** എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെയും അധ്യാപകരുടെയും മികവാർന്ന കഴിവുകളാൽ സമ്പന്നമാണ്. ബഹു മുഖമായ അവരുടെ കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന ഈയൊരു ഉദ്യമത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്

ജെസ്സി ഫിലിപ്പ്

2023 -2024 അധ്യയന വർഷം വേങ്ങര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം പ്രസിദ്ധീകരിക്കുന്ന **വൈഖരി** എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ വൈവിധ്യമാർന്ന രചനകളാൽ സമ്പന്നമാണ്. ബഹു മുഖമായ അവരുടെ കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന ഈയൊരു സംരംഭത്തിന് എല്ലാ വിധ ആശംസകളും അറിയിച്ചുകൊള്ളുന്നു.

**സ്റ്റാഫ് സെക്രട്ടറി**
**ലീന കെ പി**

# യൂണിറ്റ് അംഗങ്ങൾ



# കൈറ്റ് മിസ്ട്രസ്



**അഖില എസ് എൽ**



**ഇന്ദു കെ**

# ഉള്ളടക്കം


| | |
|---|---|
| 1.എന്റെ വിദ്യാലയം | 8 |
| 2.അമ്മ | 9 |
| 3.സാഫല്യം | 10 - 11 |
| 4.ഇനിയെന്ത് | 12 -13 |
| 5.വെൺചന്ദ്രൻ | 14 |
| 6.പാത്തുമ്മയുടെ ആട് (ആസ്വാദന കുറിപ്പ്) | 15 -16 |
| 7.भूख | 17 |
| 8.മോഹം | 18 |
| 9.മാനുഷിക മൂല്യങ്ങളുടെ പ്രാധാന്യം | 19 |
| 10.പുലരി | 20 |
| 11.നക്ഷത്രങ്ങൾ | 21 |
| 12.കുട്ടിവര | 22 |
| 13.മഴ | 23 |
| 14.ബോധിലാബ്(ആസ്വാദന കുറിപ്പ്) | 24 - 27 |
| 15.നഗരവീഥിയിലെ പാദസരങ്ങൾ | 28 |
| 16.അഴകുള്ള കവിതയാണെന്നുമച്ഛൻ | 29 -30 |
| 17.എന്നിലെ പ്രകൃതി | 31 |
| 18. पहचान | 32 |
| 19. प्रकृति | 33 |
| 20.Under the Oak: Wishes and Fireflies | 34 - 35 |
| 21.ഉറുമ്പും കാക്കയും | 36 |
| 22. दोस्ती | 37 |

# എന്റെ വിദ്യാലയം



മലപ്പുറം ജില്ലയിലെ എറ്റവും പ്രശസ്തമായ സ്ക്രൂളുകളിൽ ഒന്നാണ് ഞാൻ പഠിക്കുന്ന ജി വി എച്ച് എസ് എസ് വേങ്ങര.മലപ്പുറം ജില്ലയിൽ മോഡൽ  സ്ക്രൂളായി തെരഞ്ഞെടുത്തത്എന്റെ സ്ക്രൂളിനെയാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ എന്റെ സ്ക്രൂളിൽ ചെയ്തു വരുന്നു മികവുത്സവം, ക്ലീൻ സ്ക്രൂൾ ഗ്രീൻ സ്ക്രൂൾ, പഠന പിന്തുണ തുടങ്ങിയവ ഇവയിൽ ചുരുക്കം ചിലത് മാത്രമാണ്.എന്റെ വിദ്യാലയം മനോഹരവും വിശാലവുമാണ്.എല്ലാ അധ്യാപകരും വളരെ ദയയും സ്നേഹവും കരുതലും ഉള്ളവരാണ്.എന്റെ സ്ക്രൂളിൽ രണ്ട് വലിയ ഗ്രൗണ്ട് ഉണ്ട്.വിവിധ കായികോത്സവങ്ങളിൽ എല്ലാ കുട്ടികളും പങ്കെടുക്കുന്നു .എറ്റവും വിശേഷപ്പെട്ട ദിനങ്ങൾ വളരെ ഭംഗിയായി ആഘോഷിക്കുന്നു.ഒരു വലിയ ലൈബ്രറി ഉണ്ട് അതിൽ സാഹിത്യവും രസകരവുമായ കഥകളും കവിതകളും അടങ്ങിയ പുസ്തകങ്ങളും ഉണ്ട്. സ്ക്രൂളിലെ വലിയ മരങ്ങൾ
വെയിലിന്റെ ചൂടിൽ നിന്നും സംരക്ഷിക്കുന്നു.
ധാരാളം ചങ്ങാതിമാർ ഉണ്ട്.കമ്പ്യൂട്ടർ പഠിക്കാനായി കമ്പ്യൂട്ടർ ലാബും ശാസ്ത്രങ്ങൾ പഠിക്കാനായി സയൻസ് ലാബും ഉണ്ട്.സ്ക്രൂളിൽ നിന്നും പോഷകാഹാരങ്ങൾ ലഭിക്കുന്നു.എല്ലാ ദിവസവും പുതിയ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നു.അതിനാൽ എനിക്ക് സ്ക്രൂളിൽ പോകാൻ വളരെ ഇഷ്ടമാണ്.



**ഫാത്തിമ ഷിബിന**

**10D**



# അമ്മ

എൻ വരവറിയിക്കുന്നത്
എൻ അമ്മയല്ലേ?

എൻ അമ്മതൻ കയ്യിൽ നിന്നല്ലേ
ഞാനുണരുന്നത്

എൻ അച്ഛന്റെ കരങ്ങളിലല്ലേ
ഞാൻ വീണ്ടു പതിക്കുന്നതും
പെയ്തിറങ്ങുന്നതും

എൻ ജീവനുറവിടവും
ജീവിതവുമവരല്ലേ?

എൻ ജീവിതമെന്തു സുന്ദരം!



ഫാത്തിമ നജ

10D

# സാഫല്യം



"ഒന്നെണീക്കുന്നുണ്ടോ മനുഷ്യാ,ഇവിടെ ഉപ്പില്ല മുളകില്ല അരിയില്ല, പണിക്കു പോകാണ്ട് കിടന്നുറങ്ങിക്കോ. ഉള്ള പണം മുഴുവൻ

കുടിച്ചുതീർത്തോളും."ഭാര്യയുടെ ശകാരം കേട്ട് രാജൻ കണ്ണ് തുറന്നു.ഇന്നലെ എന്താണ് സംഭവിച്ചത്. അയാൾ ചിന്തിക്കുകയാണ്.വൈകിട്ട് പണി കഴിഞ്ഞ് കിട്ടിയ കുറഞ്ഞ കാശുകൊണ്ട് താൻ നേരെ പോയത് ബാറിലേക്ക് ആയിരുന്നു.കുടിച്ച് ലക്കില്ലാതായി പാതിരാത്രി വീട്ടിൽ എത്തി.ലൈറ്റ് എല്ലാം ഓഫ് ആക്കി വീട്ടുകാരെല്ലാം കിടന്നുറങ്ങിയതിൽ ദേഷ്യപ്പെട്ട് വാതിൽ തുറന്നു തന്ന ഭാര്യയെ മുഖത്തടിച്ചു, ചവിട്ടി, കുറേ ചീത്ത വിളിച്ചു.വീട്ടിൽ ഉപ്പില്ല, മുളകില്ല,അരിയില്ല, ഒരു ചില്ലികാശില്ല.പണിക്കു പോയി കിട്ടുന്ന തുച്ഛമായ തുക താൻ കുടിക്കാൻ ഉപയോഗിക്കുന്നു.ഒരു മകളുണ്ട് പുരനിറഞ്ഞു നിൽക്കുന്നു. അവളെ ഇതുവരെ ഒരുത്തന്റെ കൂടെ പറഞ്ഞയച്ചില്ല.എല്ലാം തന്റെ കുടി കാരണം.കിട്ടുന്ന പണം എല്ലാം താൻ കുടിക്കാൻ ഉപയോഗിക്കുന്നു. അയാൾ എണീറ്റു.പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് പ്രാതൽ കഴിക്കാൻ ചെന്നപ്പോൾ ഭക്ഷണം തന്ന ഭാര്യയുടെയും വീട് വൃത്തിയാക്കി കൊണ്ടിരുന്ന മകളുടെയും കവിളിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങുന്നത് അയാൾ ശ്രദ്ധിച്ചു.പാവങ്ങൾ!തന്റെ കുടി കാരണം വിഷമത്തിലാണവർ. എത്രകാലമായി താൻ കുടിക്കുന്നു. ഇതിൽ നിന്നൊരു മുക്തി വേണം .അയാൾ തീരുമാനിച്ചു.അയാൾ തൻറെ നല്ല രണ്ടുമൂന്നു വസ്ത്രങ്ങൾ ബാഗിലാക്കി

വീട് വിട്ടിറങ്ങി.ഒരു ഓട്ടോയിൽ അയാൾ ലഹരി വിമുക്ത കേന്ദ്രത്തിലത്തി.അവിടുത്തെ നല്ല പരിചരണത്തിൽ ഒരു മാസം അയാൾ അവിടെ താമസിച്ചു.പൂർണ്ണമായും ലഹരി മുക്തനായി അയാൾ തന്റെ വീട്ടിൽ തിരിച്ചെത്തി.കുറച്ചുകൂടി നല്ല ഒരു പണിയും കിട്ടി, അത്യാവശ്യം നല്ല ശമ്പളവും.അയാൾ കുറേശ്ശെ സമ്പാദിച്ചു.താമസിയാതെ മകൾക്ക് വിദേശത്ത് ജോലി ചെയ്യുന്ന ഒരു ചെക്കന്റെ കല്യാണാലോചനയും.അയാൾ നാട്ടുകാരുടെ കൂടി സഹായത്തോടെ അവളെ നല്ല നിലയിൽ കെട്ടിച്ചയച്ചു.അങ്ങനെ ലഹരിയിൽ നിന്നും മുക്തനായ രാജൻ കുടുംബവുമൊത്ത് സസുഖം ജീവിച്ചു.



**റിസ്‌വാന കെ**

**10 C**

# ഇനിയെന്ത്?

ഉറപ്പിച്ചാലും ഇന്നത്തെ



മനുഷ്യരാശിയുടെ അന്ത്യത്തിനായി ബിരുദവും ബിരുദാനന്തര ബിരുദവുമെടുത്ത് ജനങ്ങളിൽ വിനാശകാരിയായി ഇറങ്ങിയ MDMA ആണ് ഇന്നത്തെ താരം. എട്ടും പൊട്ടു തിരിയാത്ത കുട്ടികൾ മുതൽ കാലനെ കാത്തു നിൽക്കുന്ന അപ്പൂപ്പൻ മാർ വരെ MDMA യുടെ ഏജന്റുമാരും ഉപഭോക്താക്കളു മായി മാറിയിരിക്കുന്നു. MDMA എന്ന 4 അക്ഷരം എഴുതാനും കേൾക്കാനും എളുപ്പമാണെങ്കിലും ഇതിൽ ഒളിഞ്ഞിരിക്കുന്നത് ജീവനെ വരെ കവർന്ന് എടുക്കാവുന്ന കൊടും വിഷം ആണ് എത്രയൊക്കെ ലഹരിക്ക് അടിമയാവില്ല എന്ന്

സമൂഹം അതിലേക്ക് തള്ളിവിടുന്നു. വീടിനകത്താണെങ്കിൽ ഇന്റർനെറ്റിന്റെ ലോകത്തും പുറത്താണെങ്കിൽ MDMA ഭരിക്കുന്ന ലോകത്തും. ഉറവിടം മനസ്സിലായാലും തക്കതായ നീതി നടപ്പിലാക്കാത്ത ഭരണാധികാരികളാണ് ലോകത്ത ഈഅവസ്ഥയിലേക്ക് എത്തിച്ചത്. കാശുണ്ടാക്കാൻ ഏത് തരത്തിലുമുള്ള മൂന്നാംകിട ജോലികളും സ്വീകരിക്കുന്ന ഈ യുവ തലമുറയെ നാം ഭയക്കണം ചിരിച്ച് കൊണ്ട് ജീവൻ എടുക്കുന്ന ഇവരും സമൂഹത്തിലെ വെല്ലുവിളികളാണ് . ഈ ലോകം



നാശത്തിന്റെവക്കിലാണ് ദൈവ
ത്തിനല്ലാതെ മറ്റാർക്കും ഇനി
ഇവിടം സ്വർഗമാക്കാൻ സാധി
ക്കില്ല.



**നിഥ ഫാത്തിമ**
**10 C**

# വെൺചന്ദ്രൻ




മാനമേ നിൻ നിറ ശോഭയിൽ
നിന്നെൻ മിഴി ഒഴിയാതെ തേടുന്നു ഞാൻ
നിന്നിലെ വെൺചന്ദ്രശോഭയെ
നിൻ മേഘ ശകലങ്ങളെ വകഞ്ഞു
മാറ്റിയെൻ ദൃഷ്ടിയിൽ പതിയാൻ.
ചുവന്നൊരു നിൻ മുഖം എന്തെ
പെട്ടുന്നനെ ശ്യാമ വർണ്ണമായി
നിന്നിൽ നിന്നുതിർന്ന വീഴുന്ന
ഈ മഴത്തുള്ളികൾ എന്തേ
ആ വെള്ളി കിണ്ണത്തെ മറച്ചു
ഞാനിതാ കാത്തിരിക്കുന്നു വീണ്ടും
ചെമ്മാനവും ആ വെൺചന്ദ്രികയും

കിരൺ ജിത്ത്
10 C

# പാത്തുമ്മയുടെ ആട്

## (ആസ്വാദന കുറിപ്പ്)



വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്. ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരും കൂടി ബഷീർ നൽകിയിട്ടുണ്ട്. എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്നഅദ്ദേഹത്തിന്റെ ജീവിത വീക്ഷണം കൂടി പ്രകടമാകുന്ന കൃതിയാണിത്. ബഷീറിന്റെ ഉമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന വലിയ കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്നുമാത്രമല്ല ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രമാണ്. നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ.പേര് സൂചിപ്പിക്കുന്നതുപോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥാഗതി. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിനു ചികിത്സയും വിശ്രമവും ആയി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബവീട്ടിൽ കഴിയുമ്പോഴാണ് 1954ൽ ഇത് എഴുതുന്നത്. നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ.കഥയിലുടനീളം ശുദ്ധ നർമ്മത്തിനാണ് മുഖ്യപങ്ക് എങ്കിലും അക്കാലത്തെ ഇല്ലായ്മയും ഒരു കൂട്ടുകുടുംബത്തിൽ ഉണ്ടാകുന്നകൊച്ചു വർത്തമാനങ്ങളുംകുശുമ്പും പിണക്കങ്ങളുംആ പിണക്കങ്ങളെയെല്ലാം ക്ഷണനേരത്തിൽ മായ്ച്ചുകളയുന്ന സാഹോദര്യ സ്നേഹവും ബഷീർ വളരെ അനായാസം വരച്ചുകാണിക്കുന്നു.പാത്തുമ്മയുടെ ആടിനെപരസ്യമായി വഴക്കുപറയുകയും പരിഹാസഭാവത്തിൽ"ഹേ അജസുന്ദരി" എന്ന് അഭിസംബോധന ചെയ്യുകയും പിന്നീട് തന്റെ പുതിയ നോവലിന്റെ അവശേഷിച്ച കോപ്പി ആടിനെ തീറ്റിക്കാൻ ഒരുങ്ങുകയും അതു പെറ്റ് കഴിയുമ്പോൾ മറ്റാരെക്കാളും കരുതൽ കാണിക്കുകയും ചെയ്യുന്നതിലൂടെ ബഷീറിന്റെ തന്നെ മുൻശുണ്ഠിയും നർമ്മബോധവും പരിഹാസവും



പിന്നെ തന്നെ ചുറ്റിപ്പറ്റുന്ന മനുഷ്യരോടും പരോക്ഷത്തിൽ വച്ചുപുലർത്തുന്ന വാത്സല്യവും ലാളനയും കാണാവുന്നതാണ്.സ്വന്തം ജീവിതത്തെയും ജീവിത ദുരിതങ്ങളെയും തൻ്റേത് മാത്രമായ ചിരികൊണ്ട് ബഷീർ എമ്പാടും കടഞ്ഞിട്ട രചനയാണ് പാത്തുമ്മയുടെ ആട്. ഇതിലെ ദാരിദ്ര്യവുംകൊച്ചുകൊച്ചു

മോഷണങ്ങളും അസൂയയും നിസ്സഹായതയും ഒക്കെ നമ്മൾ ചിരിയോടെവായിക്കുമ്പോൾ തന്നെചിന്തിപ്പിക്കുന്ന നോവായി അവ പരിണമിക്കുന്നുണ്ട്.



**ആദിത്യ**

**10C**

# भूख



भूख गुर्राती, पेट में गूंजती है, एक
राग छेड़े, सबको सुनाती है।
पैर काँपते, सिर घूमने लगता,
मन बस खाने का ही सोचता।
गरमा गरम रोटी का ख्याल आता. . .
मक्खन का स्वाद, मन को ललचाता।
दाल की खुशबू, चटनी का तीखापन
मुँह में पानी लाते, हर क्षण।
लेकिन थोड़ा इंतजार करो प्यारे,
स्वादिष्ट भोजन, दरवाजे पर खड़ा है।
भूख मिटेगी, खुशियाँ लाएगा. . . . .
नई ऊर्जा, जीवन में समाएगा।



രജില സി കെ

# മോഹം



മനസ്സിൽ പൂത്തുലഞ്ഞ മോഹങ്ങൾ,
നീലാകാശം തൊടാൻ ആഗ്രഹങ്ങൾ.
ചിറകുകളില്ലാതെ പറക്കാൻ ശ്രമം,
അപ്രാപ്യമായ ലക്ഷ്യം നേടാൻ ധ്യാനം.
പ്രണയത്തിന്റെ പുഷ്പങ്ങൾ വിടരും,
ദൂരെ നില്ക്കും പ്രിയതമയെ കാണും.
സ്വപ്നങ്ങൾ യാഥാർത്ഥ്യം ആകുമെന്നു,
മനസ്സിൽ വിശ്വാസം തെളിഞ്ഞു നിൽക്കും.
കണ്ണിൽ തെളിയും നക്ഷത്രങ്ങൾ,
കൈയ്യെത്തും ദൂരെ ആകാശങ്ങൾ.
മോഹങ്ങൾക്ക് ചിറകു മുളച്ചുയരും,
ജീവിതം പുതിയ വഴി തെളിയിക്കും.
തടസ്സങ്ങൾ വന്നാലും പിൻമാറില്ല,
മോഹങ്ങൾ നെഞ്ചിൽ കരുതി ഞാൻ നടക്കും.
ഒരു ദിവസം യാഥാർത്ഥ്യം ആകുമെന്നു,
മനസ്സിൽ ഉറച്ച വിശ്വാസം പുലരും.



ജസ കദീജ
9E

# മാനുഷിക മൂല്യങ്ങളുടെ പ്രാധാന്യം

മാനുഷിക മൂല്യങ്ങളുടെ പ്രാധന്യം
മാനുഷിക മൂല്യങ്ങൾ നമ്മുടെ ജീവിതത്തിന് അടിത്തറയാണ്. അവ നമ്മുടെ പെരുമാറ്റത്തെ നയിക്കുകയും നമ്മുടെ സമൂഹത്തെ ഐക്യപ്പെടുത്തുകയും ചെയ്യുന്നു. ദയ, അനുകമ്പ, സത്യസന്ധത,
നീതി, സഹിഷ്ണത, സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ മൂല്യങ്ങൾ നമ്മുടെ ജീവിതത്തെ സമ്പന്നവും സന്തോഷകരവും ആക്കുന്നു.
ദയയും അനുകമ്പയും മറ്റുള്ളവരോട് സ്നേഹവും കരുതലും കാണിക്കാൻ നമ്മെ
പ്രേരിപ്പിക്കുന്നു. ദുരിതത്തിൽ അകപ്പെട്ടവരെ സഹായിക്കാനും അവരുടെ വേദനകളിൽ പങ്കാളികളാകാനും ഇത് നമ്മെ പ്രേരിപ്പിക്കുന്നു.
സത്യസന്ധത നമ്മുടെ ജീവിതത്തിൽ
വിശ്വാസ്യതയും സുതാര്യതയും ഉറപ്പാക്കുന്നു. നമ്മുടെ വാക്കുകളും പ്രവൃത്തികളും യോജിക്കാൻ ഇത് സഹായിക്കുന്നു.
നീതി എല്ലാവർക്കും അവരുടെ അർഹത ലഭിക്കാൻ സഹായിക്കുന്നു. പക്ഷപാതം കാണിക്കാതെ നീതിപൂർവ്വം പെരുമാറാൻ ഇത് നമ്മെ പ്രേരിപ്പിക്കുന്നു.
സഹിഷ്ണത വ്യത്യസ്ത അഭിപ്രായങ്ങളെയും വിശ്വാസങ്ങളെയും ബഹുമാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരോട് സഹകരിക്കാനും സൗഹാർദ്ദപരമായി
ജീവിക്കാനും ഇത് സഹായിക്കുന്നു.
സ്വാതന്ത്ര്യം നമ്മുടെ സ്വന്തം ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാനുള്ള അവകാശം നൽകുന്നു. നമ്മുടെ ജീവിതം നമ്മുടെ ഇഷ്ടാനുസൃതം ജീവിക്കാൻ ഇത് നമ്മെ പ്രാപ്തരാക്കുന്നു.സമത്വം എല്ലാവരും തുല്യരാണെന്ന് ഓർമ്മിപ്പിക്കുന്നു.
ജാതി, മതം, ലിംഗം, സാമ്പത്തിക സ്ഥിതി എന്നിവയെ പരിഗണിക്കാതെ എല്ലാവരോടും നീതി പുലർത്താൻ ഇത് നമ്മെ പ്രേരിപ്പിക്കുന്നു.മാനുഷിക
മൂല്യങ്ങൾ നമ്മുടെ സമൂഹത്തിന്റെ അടിത്തറയാണ്. അവ നമ്മെ ഐക്യപ്പെടുത്തുകയും സമാധാനപരമായ സമൂഹം സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ മൂല്യങ്ങൾ നാം കാത്തുസൂക്ഷിക്കുകയും പുതിയ തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.



ഫാത്തിമ ജുഹാന
9 A

# പുലരി



കിഴക്കൻ ചക്രവാളത്തിൽ, ഒരു നേർത്ത
വെളിച്ചം,

പുലരിയുടെ സൂചന, രാത്രിയുടെ അന്ത്യം.

ഇരുൾ മാഞ്ഞു പോകുന്നു, വെളിച്ചം
വ്യാപിക്കുന്നു,
പുഷ്പങ്ങൾ വിടരുന്നു, പക്ഷികൾ പാടുന്നു.

പുതിയ ദിനത്തിന്റെ തുടക്കം, പ്രതീക്ഷയുടെ
പ്രഭാതം,
ജീവിതത്തിന്റെ പുതിയ അധ്യായം,
സാഹസികതയുടെ യാത്ര.

മഞ്ഞു പുതച്ച പുൽത്തകിടി, വെളിച്ചം പോലെ

തിളങ്ങുന്നു, കുളിർ കാറ്റ് വീശുന്നു, മനസ്സിനെ
ഉന്മേഷം കൊള്ളിക്കുന്നു.

പുലരി..... ഒരു പുതിയ തുടക്കം, സ്വപ്നങ്ങൾ
യാഥാർത്ഥ്യമാക്കാൻ, ലക്ഷ്യങ്ങൾ നേടാൻ,

ജീവിതം ആസ്വദിക്കാൻ.

ഫാത്തിമ ഫൈറൂസ

8 B

# നക്ഷത്രങ്ങൾ



ആകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ,
ദൂരെ ദൂരെ, ലോകങ്ങൾ.
ഓരോന്നിനും അതിന്റേതായ പ്രകാശം,
ഓരോന്നിനും അതിന്റേതായ കഥ.
ചിലത് വലുത്, ചിലത് ചെറുത്,
ചിലത് തിളക്കമുള്ളത്, ചിലത് മങ്ങിയത്.
ചിലത് ഒറ്റയ്ക്ക്, ചിലത് കൂട്ടമായി,
എല്ലാം ചേർന്ന് ഒരു മനോഹര ദൃശ്യം.
നക്ഷത്രങ്ങളെ നോക്കി നമ്മൾ സ്വപ്നം കാണുന്നു,
അവയെക്കുറിച്ച് നമ്മൾ കഥകൾ പറയുന്നു.
അവ നമ്മുടെ ഭാവനയെ ഉത്തേജിപ്പിക്കുന്നു,
അവ നമ്മുടെ ഹൃദയങ്ങളെ ആകർഷിക്കുന്നു.
നക്ഷത്രങ്ങൾ പ്രപഞ്ചത്തിന്റെ
രഹസ്യങ്ങളെ ഓർമ്മിപ്പിക്കുന്നു,
അവ നമ്മുടെ സ്വന്തം ചെറുപ്പത്തെക്കുറിച്ച്
നമ്മെ ഓർമ്മിപ്പിക്കുന്നു.
അവ നമ്മെ വിസ്മയിപ്പിക്കുകയും
അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു,
അവ നമ്മെ പ്രചോദിപ്പിക്കുകയും
പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
നക്ഷത്രങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്,
അവ നമ്മുടെ ലോകത്തെ മനോഹരമാക്കുന്നു.

സീനത്ത് എ കെ

UPST

# കുട്ടിവര
















മേഘപടലം പട്ടുടുത്ത്,
മിന്നൽ രഥത്തിലേറി,
മണ്ണിന്റെ മണത്തെ പൂകി,
മഴ പെയ്തിറങ്ങുന്നു.
കുളിരുള്ള തുള്ളികൾ മേലാകെ,
താളമായി പെയ്യുമ്പോൾ,
പച്ചമരങ്ങൾ കുടകൾ നിവർത്തിയും
കാറ്റിന്റെ സംഗീതത്തിൽ ,
ഇലകൾ കൊഴിഞ്ഞ ചില്ലകളായും   മഴ
പെയ്തിറങ്ങുന്നു.
കുളങ്ങൾ നിറഞ്ഞും ,പുഴകൾ ഒഴുകിയും
മഴവില്ല് കുട ചൂടി, സ്വപ്നമാമാകാശം വിടർന്നും
കടൽ തിര ,തീരത്തെ പുൽകിയും
നദീജലം പതഞ്ഞൊഴുകി കടലിനോടടുത്തും
ഭൂമിയെ നവകുമാരനാക്കിയും
നാളെയുടെ പ്രതീക്ഷയേകി മഴ മറഞ്ഞുപോകുന്നു.
ജീവിതത്തിന്റെ താളമായി,
പുതിയൊരു സ്വപ്നമായി മഴ മറഞ്ഞുപോകുന്നു.....

അസ്ന ഷിറിൻ

10 C

# ബോഡി ലാബ്

## (ആസ്വാദന കുറിപ്പ്)

ആധുനിക നോവലിസ്റ്റ് രജത് ആർ ന്റെ പ്രസിദ്ധമായ നോവലാണ് ബോഡി ലാബ്.അദ്ദേഹം ആലപ്പുഴ മെഡിക്കൽ കോളേജിൽ അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യു ന്നു. ഒരു മെഡിക്കൽ കോളജിനെയും അവിടത്തെ അനാട്ടമി ലാബിനെയും ലാ ബിലെ കഡാവറുകൾക്ക് പിന്നിലെ നിഗൂഢമായ രഹസ്യങ്ങളുമാണ് നോവ ലിനാടിസ്ഥാനം. ഇതിലെ പ്രധാന കഥാ പാത്രം 25വയസുകാരി ഡോക്ടർ അഹല്യയാണ്. ഓസ്റ്റിയോജനസിസ് ഇംപെർഫെക്ട എന്ന അവസ്ഥയോട് പൊരുതി മെഡിസിൻ പഠനം സ്വായത്ത മാക്കിയ ആലപ്പുഴ മെഡിക്കൽ കോളേജിലെ സാന്ദ്രഎന്ന വിദ്യാർത്ഥി നിയാണ്നോവലിലെ കേന്ദ്രകഥാപാത്ര മായ അഹല്യക്ക് റോൾമോഡലായത്. ആ ലാബിൽ അവൾ അനുഭവിച്ച സാഹ സികമായ സന്ദർഭങ്ങളും പുറത്തു കൊണ്ടുവന്ന നിഗൂഢമായ രഹസ്യങ്ങളു മാണ് നോവലിലുടനീളം.

ഒസ്റ്റിയോജനസിസ് ഇംപെർഫെ ക്ട എന്ന അസ്ഥികൾക്ക് ബലമില്ലാത്ത അവസ്ഥയോട് പൊരുതി ജീവിക്കുന്ന ഡോ അഹല്യ തന്റെ അമ്മയുടെ മരണ ശേഷം പഠനത്തോടൊപ്പം ജോലി ചെയ്യാനായി ഡി.കെ മെഡിക്കൽ കോള ജിലേക്ക് ഒന്നാം വർഷവിദ്യാർത്ഥികൾ ക്ക് ശരീരശാസ്ത്രം പഠിപ്പിക്കാനായി ലക്ചറായി വരുന്നതിലൂടെയാണ് കഥ ആരംഭിക്കുന്നത്.കോളേജിലെത്തുന്ന അഹല്യ ആകെ അത്ഭുതപ്പെടുന്നു. കാരണം അത്രക്കും വിജനമായതും ഭയപ്പെടുത്തുന്നതുമാകും അവിടത്തെ അന്ത രീക്ഷം. ഉൾനാട്ടിൽ ഒരു പഴ കോളേജ് കെട്ടിടവും ചുറ്റും തിങ്ങിവളർന്നിരിക്കുന്ന കാടുമായിരിക്കും അവിടെ. ഹോസ്റ്റലിൽ അവൾ ഒറ്റക്കായിരുന്നു. അവൾ അവിടെ ആദ്യമായി പഠിപ്പിക്കാൻ അനാട്ടമി ലാബിലേക്ക് പോകുന്നു. ലാബിൽ ഡിസ്ക ഷൻ ഹാളിൽ നാല് പുരുഷകഡാവറുക ളും ഒരു സ്ത്രീകഡാവറുമുണ്ടായിരുന്നുള്ളത്. അതിലെ സ്ത്രീ കഡാവറിലായിരിക്കും അഹല്യക്ക് ഡ്യൂട്ടി. ആ കഡാവറിനെ കാണുന്നതുമു തൽ അവളുടെ മനസ്സിൽ പല ചിന്തകളും ഉണ്ടാകുന്നു, തന്റെ അമ്മയെ അവൾ ഓർക്കുന്നു, അത് തന്നോട് എന്തെല്ലാമോ പറയുന്നതായി അവൾക്ക് തോന്നുന്നു. പിന്നീടങ്ങോട്ട് അത് അവളുടെ മനസി നെ തന്നെ ബാധിക്കുന്നു. ആ രൂപം അവളെ പിന്തുടരുന്നതായും രാത്രികളിൽ തന്റെ അടുത്ത് വന്നു നിൽക്കുന്നതായും ജനലിലൂടെ നോക്കുന്നതായും ഫാനിൽ തൂങ്ങി നിൽക്കുന്നതായും അവൾക്ക് തോന്നുന്നു. ഇതെല്ലാം അവളുടെ മനസ്സി ന്റെ വെറുതെ തോന്നുന്നതാണെന്ന് അവൾ കരുതുന്നു. എന്നാലും രാത്രികളിൽ തനിക്ക് ഉണ്ടാകുന്ന ഭയപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നിന്നും രക്ഷ നേടാനായി അവൾ ഗോൾഡൻ ട്രസ്റ്റ് ഹോസ്പിറ്റലിൽ നൈറ്റ് ഡ്യൂട്ടിക്ക് ആയി പോകുന്നു. ഒരു ദിവസം സന്ധ്യാസമയത്ത് ലാബിലെ സ്റ്റാഫ് ആയ രമേശേട്ടനോടൊപ്പം കോളേജിന്റെ ഭാഗമായ എമു ഫാമിൽ പോയി തനിച്ച ഹോസ്റ്റലിലേക്ക് തിരിച്ചുവരുമ്പോൾ തന്നെ ഇത്രയും കാലം ഭയപ്പെടുത്തിയ ആ രൂപത്തെ അവൾക്ക് വീണ്ടും കാണുന്നു. ആ ഇരുട്ടിൽ അവൾ ബോധംകെട്ട് വീഴുന്നു.

പിന്നീട് ഒരു ദിവസം രാത്രിയിൽ ലാബിൽ ആ രൂപത്തെ വീണ്ടും കാണാനിടയാകുമ്പോൾ അവൾ ഓടിച്ചെല്ലുകയും അവളും രമേശേട്ടനും കൂടെ അതിനെ പിടികൂടുന്നു. പക്ഷേ അവൾ കരുതിയ പോലെ ആയിരുന്നില്ല, ആ രൂപം ഒരു മനുഷ്യൻ ആയിരുന്നു ആ കടാവറിന്റെ മകനായിരുന്നു അത്. 10 വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ട അന്നമ്മ എന്ന കടാവറിന്റെ വഴിതെന്ന മകൻ ആയിരുന്നു അത്. വയറ്റിലെ ക്യാൻസർ മൂലം മരിച്ച അമ്മയുടെ ശരീരം വെറും 1000 രൂപയ്ക്ക് വേണ്ടി ധർമ്മൻ മുതലാളിയുടെമെഡിക്കൽ കോളേജിനായി ഡൊണേറ്റ് ചെയ്ത മകൻ താൻ ചെയ്ത തെറ്റുകൾ മനസ്സിലാക്കി അമ്മയെ കാണാൻ വന്നതായിരുന്നു. അന്നമ്മയുടെ ശരീരം കീറിമുറിച്ച് ഭാഗങ്ങൾ കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കുന്ന ആളാണ് അഹല്യ. അതുകൊണ്ടുതന്നെ ഈ സംഭവം അഹല്യയുടെ മനസ്സിൽ ഒരുപാട് ചിന്തകൾക്ക് വഴിയൊരുക്കുന്നു. കാരണം, അന്നമ്മയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പ്രകാരം മരണകാരണം വയറ്റിലെ ക്യാൻസറാണ്. പക്ഷേ ഇത്രയും നാൾ ആ കടാവർ കീറിമുറിച്ച് പഠിപ്പിക്കുന്നതിനിടയിൽ ഒരിക്കൽപോലും അവൾക്ക് ആ വയറ്റിൽ നിന്ന് ക്യാൻസറിന്റെ അംശം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവൾ കണ്ടെത്തിയത് പ്രകാരം മസ്തിഷ്കത്തിലെ രക്തക്കുഴലുകൾ പൊട്ടി രക്തം കട്ട പിടിച്ചിട്ടാണ് മരണം സംഭവിച്ചിരിക്കുന്നത് എന്നായിരുന്നു. അതുകൊണ്ട് തന്നെ അന്നമ്മയുടെ മരണത്തിനു പിന്നിൽ എന്തോ വലിയ രഹസ്യം ഒളിഞ്ഞു കിടപ്പുണ്ടെന്ന് അവൾ മനസ്സിലാക്കുന്നു. പിന്നീട് ഒരിക്കൽ ഡിസ്കഷൻ ഹാളിൽ ഡിസ്കഷൻ നടന്നുകൊണ്ടിരിക്കുമ്പോൾ ആമാശയം കീറിമുറിച്ച് ഭാഗങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനിടയിൽ പീറ്റർ സാർ കുട്ടികളെ പ്രോഗ്രാമിന് ആയി കൊണ്ടുപോകുന്നു. ആ സമയം കീറിമുറിച്ച ആമാശയത്തിന്റെ ബാക്കി കൂടി അഹല്യ ഒറ്റയ്ക്കിരുന്ന് പരിശോധിക്കുന്നതിനിടയിൽ ആ വൈറ്റിൽ നിന്നും അവൾക്ക് ഒരു കുഞ്ഞു ചില്ലു കുപ്പി കിട്ടി, ഒരിഞ്ചോളം മാത്രം വലിപ്പമുള്ള ഒരു ചില്ലു കുപ്പി. അവൾ അത് അത്ഭുതത്തോടെ എടുത്തു തുറന്നു നോക്കുന്നു. ആ പേപ്പർ തുറന്നതിനെ ചെറിയ അക്ഷരങ്ങൾ വായിച്ചു നോക്കുന്നു. അതിൽ ഇങ്ങനെയായിരുന്നു എഴുതിയിരുന്നത് " എന്നെ കൊന്നത് ഡോക്ടർ അബ്ദുള്ള ഉവൈസ്".ഒരു ദിവസം രാത്രിയിൽ അവൾ തന്നെ ഹോസ്റ്റൽ മുറിയിലേക്ക് കയറിയപ്പോൾ ഒരു അപരിചിതനെ കാണുന്നു, അയാൾ ഇനി ലാബിലെ ശവങ്ങളെ കുറിച്ച് നീ അന്വേഷിക്കരുത് എന്ന് ഭീഷണിപ്പെടുത്തുന്നു. എന്തായാലും ഇനി എന്തുതന്നെ സംഭവിച്ചാലും തന്നെ അന്നമ്മയുടെ പിന്നിലെ രഹസ്യങ്ങൾ കണ്ടുപിടിക്കണമെന്ന് തീരുമാനിച്ചു. അവർക്ക് നീതി നേടിക്കൊടുക്കണമെന്ന് അവൾ തീരുമാനിച്ചു. അവൾ തന്റെ അങ്കിളിന്റെ സഹായത്താൽ ക്രിസ് എന്ന ഒരു ഡിറ്റക്ടീവുമായി പരിചയപ്പെടുന്നു. അഹല്യ ഭീഷണിപ്പെടുത്തിയ ആളെ ക്രിസ് കണ്ടെത്തുന്നു. അയാളെ ചോദ്യം ചെയ്യുന്നു.അവർ അബ്ദുള്ള കുറിച്ച് അന്വേഷിക്കുന്നു. പിറ്റേ ദിവസം അവൾ കോളേജിലേക്ക് പോയപ്പോൾ ടേബിൾ ഫൈവിലെ അന്നമ്മയുടെ ബോഡി മാറ്റാനായി തീരുമാനിച്ചിരുന്നു.അതറിഞ്ഞു ഉടനെ അവൾ അവസാനമായി അന്നമ്മയുടെ ബോഡിയിലെ തെളിവുകൾ ശേഖരിക്കാൻ ആയി ലാബിലേക്ക് ഓടുന്നു. അവൾ എത്തുന്നതിനുമുമ്പ് അവൾ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തി വേറെ ആരോ ചെയ്തിരുന്നു. ആരോ ആ ബോഡി കീറിമുറിച്ച് വൃത്തിഹീനം ആക്കിയിരുന്നു. ഇത് കണ്ടു വന്ന പീറ്റർ സാറും മറ്റുള്ളവരും

അഹല്യയെ ഒരു കുറ്റവാളിയെ പോലെ കണ്ടു. എല്ലാവരും അവളെ ഒരു മാനസിക രോഗിയെ പോലെ കണ്ടു. ആ സംഭവത്തെ തുടർന്ന് ലാബിലെ കടാവറുകൾ സംസ്കരിക്കാൻ തീരുമാനിച്ചു. ഇതറിഞ്ഞ അഹല്യ ശവങ്ങൾ സംസ്കരിക്കുന്ന ബറിയൽ ഗ്രൗണ്ടിലേക്ക് രാത്രി പോകാനും അന്നമ്മയുടെ ശരീരം അവസാനമായി ഒന്ന് പരിശോധിക്കാനും തയ്യാറെടുക്കുന്നു. രാത്രിയിൽ അവളും സഞ്ജു എന്ന വിദ്യാർത്ഥിയും കൂടെ ബറിയൽ ഗ്രൗണ്ടിൽ പോകുകയും അന്നമ്മയുടെ ശരീരം എടുക്കുകയും പരിശോധിക്കുകയും ചെയ്യുന്നു. അവൾക്ക് ശരീത്തിലെ ഗർഭപാത്രത്തിൽ രണ്ടുമാസത്തോളം മാത്രം ആയുസ്സുള്ള ഒരു കുഞ്ഞു ജീവൻ കൂടിയുണ്ടായിരുന്നു. അവൾക്ക് വേറൊരു കുഞ്ഞു ചില്ല് കുപ്പി കൂടെ കിട്ടി. അവൾ തുറന്നു നോക്കി, അതിൽ എൻ നൈനിത എന്നും ഡോക്ടർ എന്നും അടിയിൽ വേറെ എന്തോ ഒന്നും കൂടി എഴുതിയിരുന്നു പക്ഷേ അത് വ്യക്തമല്ല ആയിരുന്നു. അവൾ ഡോക്ടർ നൈനിതയെ കുറിച്ച് അന്വേഷിക്കുന്നു. അഹല്യയും കോളേജ് വിദ്യാർത്ഥിനി യും ബറിയൽ ഗ്രൗണ്ടിൽ കയറിയതിന്റെ ദൃശ്യം വാർത്തകളിലും ഇന്റർനെറ്റിലും നിറഞ്ഞു. അവൾ ഡോക്ടർ നൈനിതയെ കുറിച്ചും ഡോക്ടർ അബ്ദുല്ല ഉവൈസ് കുറിച്ചുംഗോൾഡൻ ഹോസ്പിറ്റലിൽ എല്ലാവരോടും അന്വേഷിച്ചു. അവൾ ഡോക്ടർ നയനിതയുടെ ഇമെയിൽ അക്കൗണ്ട് കണ്ടുപിടിച്ചു തുറന്നു നോക്കി. അതിൽ ഒരുപാട് ഡ്രാഫ്റ്റുകളായി ഓരോരോ സംഭവങ്ങൾ പോസ്റ്റ് ചെയ്തിരുന്നു. അവസാനം നൈനിതയുടെ ഒരു ഫോട്ടോയും കൊടുത്തിരുന്നു. പക്ഷേ ക്രിസ് അയച്ചു തന്ന ഫോട്ടോയും ഫോട്ടോയും വ്യത്യസ്തമായിരുന്നു. ക്രിസ് കണ്ട നൈനിത ഗോൾഡൻ ട്രസ്റ്റ് ഹോസ്പിറ്റലിലെ സിസ്റ്റർ ജീന ആയിരുന്നു. അന്നമ്മയുടെ ശരീരത്തിൽ നിന്നും കിട്ടിയ ആ രണ്ടു കുഞ്ഞു ചില്ലുകുപ്പികൾ തന്നെയായിരുന്നു നൈനിതയുടെ കഴുത്തിലെ മാലയിൽ ഉണ്ടായിരുന്ന രണ്ടു ചില്ലുകുപ്പികൾ. അപ്പോൾ അവിടെ ഡോക്ടർ രാജ് വന്നു. അയാൾ അവളോട് പറഞ്ഞു നിനക്ക് ഡോക്ടർ അബ്ദുള്ള ഉവൈസിനെ കുറിച്ച് അറിയേണ്ടേ അത് ഞാൻ തന്നെയാണെന്ന്. അയാൾ അവളുടെ കൈകൾ പിടിച്ചു. ഞാൻ നൈനിതയെ കൊന്നപോലെ നിന്നെയും കൊല്ലുമെന്ന് അയാൾ പറഞ്ഞു. അയാൾ അവളുടെ എല്ലുകളെല്ലാം ഒടിച്ചു.അവസാനം അവൾ ഒരു എല്ലിൻറെ കഷ്ണം അയാളുടെ നെഞ്ചിൻ കൂട്ടിലേക്ക് കുത്തിയിറക്കി.പിന്നീട് സഞ്ജു അങ്ങോട്ട് വരുകയും രണ്ട് പേരെയും രക്ഷിക്കുകയും രാജിനെ പോലീസിൽ ഏൽപ്പിക്കുകയും ചെയ്യുന്നു . അപ്പോൾ അവൾക്ക് മാസിലായി താൻ സംശയിച്ച നയിനിത അല്ല കുറ്റക്കാരി എന്ന്. ഇത്രയും കാലം അവൾ കീറിമുറിച്ച് പരിശോധിച്ച് ആ കഡാവർ അന്നമ്മയുടെ ആയിരുന്നില്ല, അത് നൈനിത ആയിരുന്നു. പുതിയ സ്ഥാനങ്ങൾക്കും പദവികൾക്കും വേണ്ടി ഭാര്യയായ നൈനിതയെ കൊന്നവനാണ് അബ്ദുള്ള ഉവൈസ് എന്ന ഡോ രാജ് .മരണശേഷം ഒരു തെളിവ് പോലും അവശേഷിക്കാതിരിക്കാൻ വേണ്ടി നൈനിതയെ മന്ത്രവാദിക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചതായിരുന്നു. പക്ഷെ അബദ്ധത്തിൽ അത് അന്നമ്മയുടെ ബോഡിയുമായി മാറി നൈനിത ലാബിലേക്കും അന്നമ്മ മന്ത്രവാദിയിലേക്കും പോവുകയാണുണ്ടായത്. മരിച്ചുകഴിഞ്ഞിട്ടാണെങ്കിലും തന്റെ ശരീരത്തിലൂടെ സത്യങ്ങൾ തെളിയിക്കാൻ നൈനിതക്ക് സാധിച്ചു.

ഇത് വളരെ കൗതുകം തോന്നിക്കുന്ന കഥയാണ്. ഓരോ നിഗൂഢത നിറഞ്ഞ രഹസ്യങ്ങളും പുറത്തുവരുമ്പോൾ, സത്യങ്ങൾ തിരിച്ചറിയുമ്പോൾ കൂടുതൽ

അത്ഭുതം തോന്നിപ്പിക്കുന്നു. ജോലി ചെയ്യാനായി വന്ന ഡോക്ടർ ആയ അഹല്യ തന്റെ മുന്നിലെ കടാവറിന്റെ ജീവനെ ഒരു വിലകൽപ്പിക്കുകയും എന്തൊക്കെ സംഭവിച്ചിട്ടും അവർക്ക് നീതി നേടി കൊടുക്കുകയും ചെയ്യുന്നു. ക്രൂരത നിറഞ്ഞ ദുഷ്ട മനസ്സുകളെ തകർക്കാൻ എന്തൊരു ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തിക്കും സാധിക്കുമെന്നത് അഹല്യ എന്ന കഥാപാത്രത്തിലൂടെ മനസ്സിലാക്കിത്തരുന്നു. മരണം തന്നെ തൊട്ടു മുമ്പിൽ വന്നു നിൽക്കുമ്പോഴും തന്റെ ജീവിതത്തിന്റെ സത്യങ്ങൾ പുറത്തറിയാനായി നൈനിത ശ്രമിക്കുന്നു, തന്നെ രക്ഷിക്കാൻ ആരെങ്കിലും ഉണ്ടാകുമെന്ന് ചിന്തയോടെ..കഥയിലൂടെ നീളം സഞ്ചരിക്കുമ്പോൾ ഒരു മനുഷ്യ ശരീരത്തിന്റെ ഭാഗങ്ങളും അതിന്റെ ശാസ്ത്രപരമായ ഒരുപാട് കാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കുന്നു. ഓരോരോ ടിസ്സുകളിലൂടെയും കടന്നു പോകുമ്പോൾ ഈ കഥ കൺമുന്നിൽ നടക്കുന്നതായി നമുക്ക് തോന്നുന്നു.



**മേഘ സി**

10D

# നഗര വീഥിയിലെ പാദസരങ്ങൾ

## ( ചെറുകഥ)



രാവിലെ ഏതാണ്ട് 7 മണി. ഞാൻ എന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കാൻ ഇറങ്ങിയതായിരുന്നു. ചുറ്റും ആളൊഴിഞ്ഞ കടകൾ, വിജനമായ തെരുവിന്റെ നടുവിലൂടെ ഞാൻ നടന്നു. എന്റെ മുന്നിലൂടെ കടന്നുപോയ ബസ്സിൽ നിറയെ തിരക്കുണ്ടായിരുന്നു. ഇപ്പോഴാണ് പട്ടണം ഒന്ന് ഉണർന്നു തുടങ്ങിയത്. കിഴക്കൻ ചക്രവാളത്തിൽ സൂര്യൻ ഉദിച്ചു. അതിന്റെ രശ്മി നഗരത്തെ പ്രകാശഭരിതമാക്കി. എന്റെ പ്രഭാത കർമ്മങ്ങൾ കഴിഞ്ഞ് ഞാൻ ജോലി ചെയ്യുന്ന ഹോസ്പിറ്റലിലേക്ക് പോവുകയായിരുന്നു. ഇതിനിടയിൽ തിരക്കുപിടിച്ചു പോകുന്ന ആളുകളെ കാണാം. ഞാനെന്നും കാണുന്ന ഒരു ചെരുപ്പുകുത്തിയായ സ്ത്രീയും തന്റെ ഏതാണ്ട് 5 വയസ്സ് തോന്നിക്കുന്ന കുഞ്ഞും അവിടെ ഉണ്ടായിരുന്നു. അതിന്റെ കാലിൽ പാദസരം

ഉണ്ടായിരുന്നു. പാദസരത്തിന്റെ ശബ്ദം ഈ നഗരത്തിൽ പ്രതിധ്വനിച്ചു. പിന്നെ കുറച്ചു നേരം കഴിഞ്ഞപ്പോൾ അതിന്റെ ശബ്ദം കുറഞ്ഞു തുടങ്ങി. ഞാൻ അതിന്റെ അടുത്തേക്ക് ചെന്ന് ചോദിച്ചു എന്താ പറ്റിയെ? ആ പിഞ്ചു ബാലിക പറഞ്ഞു എന്റെ ഒരു പാദസരം കളഞ്ഞുപോയി. എനിക്ക് ആ കുഞ്ഞിനോട് സഹതാപം തോന്നി. ഞാനാ കുട്ടിക്ക് ഒരു പാദസരം വാങ്ങി കൊടുത്തു. ആ കുരുന്നിന്റെ മുഖത്തെ സന്തോഷം വാക്കുകൾക്കതീതമായിരുന്നു. ഞാൻ ആ നഗരവീഥിയിലൂടെ നടന്നു പോയി.



**കനിഷ്ക് പി എം**
**9D**

# അഴകുള്ള കവിതയാണെന്നുമച്ഛൻ



കാഴ്ചയിൽ കല്ലുപോൽ
തോന്നാറുണ്ടെങ്കിലു
അഴകുള്ള
കവിതയാണെന്നുമ്മച്ഛൻ
അമ്മ ചൊല്ലിതരും കഥകളിൽ
നിത്യവും
മിഴിവാർന്ന
നായകനെന്നുമ്മച്ഛൻ... (2)
അറിയാതെ പ്രതിസന്ധി
പുണരുന്ന നേരത്ത്
കുലുങ്ങാത്ത കുന്നുപോൽ
ഉയരുമച്ഛൻ...
അറിയും തോറും ഉള്ളിലത്ഭുതം
കൂടുന്ന
ആഴകടലിന്റെ താഴ്ചയച്ഛൻ...
(2)
വായിക്കും തോറും ഉള്ളിലാഴ്ന്നു
പതിയുന്ന
അന്തസുള്ള
വരികളാണെന്നുമച്ചൻ....
കർക്കശമേലാടാ
വാരിയണിയുമ്പോൾ
ഏഴഴകുമുള്ളിൽ
ഒളിപ്പിക്കുമച്ഛൻ... (2)
ചോരയെ നീരാക്കി രാവു
പകലാക്കി
ജീവിതത്തോടെന്നും
പൊരുതുമച്ചാൻ...
വാക്കുകൾ കൊണ്ട്
അളക്കുവാനാകാത്ത
മൂന്നക്ഷരമുള്ള ലോകമച്ഛൻ...
മുൾപാതയിൽ പാദമൂന്നി
നടന്നാദ്യം
മൂർച്ച വഴിയിൽ കുറച്ചതച്ഛൻ....
തനിയെ നടക്കുമ്പോൾ കാലിടറി
വീഴുമ്പോൾ
കൈ
തന്നുയർത്തിയതെന്നുമ്മച്ഛൻ...
(2)
നോക്കിലും വാക്കിലും
കഠിന്യമുണ്ടേലും
കരളിൽ കിനിയുന്ന
കനിവാനച്ഛൻ....
മൊഴികൾ കുറച്ചാലും എൻ
മിഴികൾ തുള്ളുമ്പോൾ
പഴിക്കാതെ നെഞ്ചോടു
ചേർക്കുമച്ചൻ....
കണക്കുകൾ നോക്കാതെ
ലാഭേചയില്ലാതെ
കാര്യങ്ങൾ
നടത്താറുണ്ടെന്നുമ്മച്ഛൻ..
കണക്കു പിഴക്കുമ്പോൾ മൗനം
വ്രതമാക്കി കരളിലെ നോവ്
മറക്കുമാച്ഛൻ... (2)
ദൂതിനായി അമ്മയെ കൂട്ടു
പിടിക്കുമ്പോൾ
ദുരയില്ലാതുള്ളിൽ
ചിരിക്കുമാച്ഛൻ..
പിടിവാശി കാട്ടുമ്പോൾ ചൂരൽ
പിട തന്നിട്ട്...
പിടയുന്ന നെഞ്ചു
തിരുമ്മുമ്മച്ഛൻ... (2)

വീട്ടിൽ വിളക്കാകുമയക്കു
തിരിയായി
കെടാതെ
എറിഞ്ഞൂർജ്ജമായത്തച്ഛൻ...
വെയിൽ കൊള്ളുമിലയായും
നീരൂറ്റും
വേരായും തണലായ്
നിന്നൂറ്റിയതെന്നുമച്ചാൻ... (2)
ഒരു ദിനത്തിൽ
മാത്രമൊതുങ്ങാതിരിക്കട്ടെ
ഒരായിരം വാക്കിനകമ്പടി
കൊണ്ടോ ഒന്നല്ലൊരായിരം
ജന്മങ്ങൾ കൊണ്ടോ
പകരം വെക്കാനില്ലതായി
പുണ്യസ്നേഹം.. (2)

കാഴ്ചയിൽ കല്ലുപോൽ
തോന്നാറുണ്ടെങ്കിലും
അഴകുള്ള
കവിതയാണെന്നുമച്ഛൻ.. (2)



**അതുൽ ദാമോദരൻ**

**10 D**



# എന്നിലെ പ്രകൃതി

മലയാള മണ്ണിന്റെ മാധുര്യം
മനസ്സാകെ തളിർക്കുന്ന പൂക്കാലം
പൂക്കളാൽ ഒരുങ്ങുന്ന പൂവിളികൾ
എൻ മനോമുകുരത്തിൽ ഞാൻ കണ്ടു
പ്രകൃതിയാം അമ്മയെ പൂജിക്കുവാൻ
നിൻ ഹൃദയത്തിൽ സൂക്ഷിച്ച മധുര ഗാനം
കവർന്നെടുത്ത പുലരിയാം ഉഷസ്
പുലരിയിൽ നിന്നും പുലരിയിലേക്കുള്ള
യാത്രയാം പ്രകൃതിയിൽ ഞാനും
നീയും മാത്രം



ശ്രീപത്
10 D

# पहचान

ज़िंदगी में बिना बुलाए आनेवाला ,
ज़िंदगी को बिना इज़ाज़त से ले जानेवाला ,
न जाती किसी ने , खुशी से उसके साथ
उसके आने की अंदाज़ा होते ,
दौड जाते डॉक्टर या ईश्वर के पास |

कुछ माँगते कुछ महीना और ,
कुछ माँगते कुछ दिन और ।

सच तो यही है
किसी को न मिलेंगे
एक पल भी और ।

गिना हुआ है ज़िंदगी का पल पल
कर दे उससे अच्छे काम
चल दो उसमें सच्चे रास्ते
वही होगा हमारा पहचान
इस सुंदर पृथ्वी में . . ।

കാർത്തിക എസ് കെ
UPST

# प्रकृति



प्रकृति का सौंदर्य, मन को मोह लेता है।
पहाड़ों की ऊंचाई, और नदियों का बहाव,
सब कुछ मन को भाता है।
पेड़ों की हरियाली, और फूलों की खुशबू,
मन को तरोताजा कर देती है।
पक्षियों का चहचहाना, और जानवरों का मधुर संगीत,
कानों को सुकून देता है।
प्रकृति का हर रूप, अपने आप में अनोखा है।
यह हमें जीवन जीने का तरीका सिखाती है।
हमें प्रकृति का सम्मान करना चाहिए, और
इसे बचाने का प्रयास करना चाहिए।

സുജിഷ
FJLT HINDI

# Under the Oak: Wishes and Fireflies

## (Short Story)



*Maya, no older than six, sat tucked beneath the ancient oak in her backyard. Its gnarled branches stretched like protective arms, casting dappled sunlight on her freckled nose. In her hand, a tiny dandelion held a universe of wishes. Each feathery seed carried a dream: a pony with a flowing mane, a friendship bracelet shimmering with rainbows, a never-ending summer.*

*With a deep breath, she puffed, sending the seeds into the wind. Laughter bubbled up as they danced on the breeze, each wish taking flight. Her gaze followed them, soaring until they disappeared into the vast blue canvas of the sky.*

*Suddenly, a shadow fell across her face. It was Leo, the boy from next door, usually an unwelcome pest who teased her relentlessly. But today, he looked different. His hair was tousled, a smear of dirt across his cheek, and a hint of vulnerability in his eyes.*

*"Can I see?" he asked, gesturing to the dandelion remnants in her hand.*

*Maya hesitated, then held out the stem. Leo peered down, a small smile tugging at his lips. "Do you really think they'll come true?"*

*She shrugged, unsure. "Maybe. Sometimes."*

*They sat in comfortable silence, watching the leaves sway overhead. Maya, emboldened, reached out and plucked a blade of grass, tickling Leo's nose. He giggled, swatting her hand playfully. A truce, unspoken but understood, had been declared.*



ആലിയ കെ
9E

# *ഉറുമ്പും കാക്കയും*

ഒരു ഉറുമ്പ് ഒരു അരിമണിയുമായി പോകുകയായിരുന്നു. ആകാശത്തിലൂടെ പറന്നു പോകുകയായിരുന്ന ഒരു കാക്ക ഇത് കണ്ടു.അരിമണി തട്ടിയെടുക്കണം എന്ന ഉദ്ദേശ്യത്തോടെ കാക്ക താഴേക്ക് പറന്നു വന്നു. കാക്കയെ കണ്ട ഉറുമ്പ് ഭയന്ന് വിറച്ചു. നിലത്തു വന്നിരുന്ന കാക്ക പറഞ്ഞു: "നീ ചുമന്നുപോകുന്ന ഈ അരിമണി എനിക്ക് താ...അല്ലെങ്കിൽ ഈ അരിമണിയെയും നിന്നെയും ഞാൻഭക്ഷണമാക്കും!".ഭയന്നുപോയ ഉറുമ്പ് അരിമണി കാക്കക്ക് നൽകി. എന്നിട്ട് ചോദിച്ചു:"കാക്കച്ചേട്ടാ, ഈ അരിമണി എന്റെ കയ്യിൽ നിന്ന് തട്ടിപ്പറിച്ചു തിന്നാൽ ചേട്ടന്റെ വിശപ്പ് മാറുമോ?".അന്നേരമാണ് കാക്ക അതിനെക്കുറിച്ച് ആലോചിച്ചത്. ഈ അരിമണി ഭക്ഷിച്ചാൽ തന്റെ വിശപ്പ് മാറുകയില്ല.എന്നാൽ ഈ ചെറിയ ഉറുമ്പിന് മൂന്നുനാലു ദിവസത്തെക്കുള്ള ഭക്ഷണത്തിനു ഈ അരിമണി മതിയായിരിക്കും. ആക്രമണത്തിലൂടെ തട്ടിപ്പറിക്കുക എന്ന സ്വഭാവം തന്റെ പാരമ്പര്യമായിപ്പോയി. ഇനിയെന്ത് ചെയ്യും? 'നന്നായി ചിന്തിച്ച ശേഷമേ താൻ ഇനി എന്തിനും മുന്നിട്ടുകയുള്ളൂ'കാക്ക സ്വയം പറഞ്ഞു. അരിമണി ഉറുമ്പിനു തിരികെ നൽകി മാപ്പ് ചോദിച്ചു കാക്ക പറന്നു പോയി.

ഇതിലെ ഗുണപാഠം:- ചിന്തിക്കാതെ ഒരു കാര്യവും നാം ചെയ്യാൻ പാടില്ല.

മെഹ്ന
1 A

# दोस्ती,

रिया एक नई स्कूल में बिल्कुल अकेली थी। कक्षा में घूम- घूमकर हँसते- खेलते बच्चों को देखकर उसे अजीब सा लगता। दोपहर के भोजन के समय तो और भी बुरा लगा। सब अपने- अपने दोस्तों के साथ खुश थे, सिर्फ रिया अकेली बैठी थी, थाली को कुरेदती हुई।



अचानक, उसके सामने एक प्लेट रखी गई। प्लेट में उसकी पसंदीदा आम की चटनी थी! "यह लो, मेरे साथ खा!" सीता मुस्कुराई, उसकी आँखें इतनी गर्म थीं कि रिया भी मुस्कुराए बिना न रह सकी। उन्होंने साथ खाना शुरू किया। सीता ने उसे हँसाया, अपने दोस्तों से मिलवाया, उसे स्कूल और शहर घुमाया। धीरे- धीरे, रिया का डर छू गया।

एक दिन, रिया गिरी और घुटने छिल गए। उसका मन रोना चाहता था। सीता तुरंत उसकी तरफ दौड़ी। उसने हल्दी लगायी, पानी पिलाया और कहानियाँ सुनाकर हँसाया। तब रिया को एहसास हुआ कि दोस्ती सिर्फ साथ खेलना- हँसना नहीं, वो हर हाल में साथ देना था।

आज, सालों बाद, रिया और सीता अब भी गहरी दोस्त हैं। उनकी दूरी कितनी भी हो, उनका दिल हमेशा जुड़ा रहता है। उनके बीच आम की चटनी से शुरू हुई ये दोस्ती, जीवन भर का मीठा स्वाद बनकर रह गई।



SIVAPERUMAL
9D

# നന്ദി

'വൈഖരി 'ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ എല്ലാ പിന്തുണയും നൽകിയ പ്രധാനാധ്യാപിക ജൈസ്സി ടീച്ചറിനും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാരായ അഖില ടീച്ചറിനും ഇന്ദു ടീച്ചറിനും നന്ദി രേഖപ്പെടുത്തുന്നു....